# പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 334 15.03.2017 ലെ മറുപടിക്ക്

## കയർ മേഖലയുടെ വികസനം

ചോദ്യം

ശ്രീ.എൽദോസ് കുന്നപ്പിള്ളി

ശ്രീ.അടൂർ പ്രകാശ്

ശ്രീ.കെ.എസ്.ശബരീനാഥൻ

ശ്രീ.പി.ടി. തോമസ്

ഉത്തരം

ഡോ. ടി.എം.തോമസ് ഐസക്

(ധനകാര്യവും കയറും വകുപ്പ് മന്ത്രി)

| | |
|---|---|
| എ) കയർ മേഖലയുടെ വികസനത്തിന് എന്തെല്ലാം കർമ്മപദ്ധതികളാണ് ഈ ഗവൺമെൻറ് നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ; | എ) കയർ വ്യവസായത്തിൽ സംസ്ഥാനത്തിനുണ്ടായിരുന്ന ആധിപത്യം തിരിച്ചുപിടിക്കുന്നതിന് ആവശ്യമായ സമ്പൂർണ്ണ ആധുനീകരണം സമയബന്ധിതമായി നടപ്പിലാക്കുകയാണ് സർക്കാർ ലക്ഷ്യം. ഇതിനനുഗുണമാകുന്നതരത്തിൽ സമഗ്ര പുന:സംഘടനയാണ് മുൻഗണന. നിലവിലുള്ള സ്കീമുകൾ, പരിപാടികൾ എല്ലാം ഉപയോഗപ്പെടുത്തിയാകും പുന:സംഘടന നടപ്പിലാക്കുക. ആധുനീകരണവും യന്ത്രവത്ക്കരണവും നടപ്പിലാക്കുമ്പോൾ പരമ്പരാഗതമേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ കൂലിയും വേലയും സംരക്ഷിക്കുന്നതിനുള്ള സംരക്ഷണവും നടപ്പിലാക്കുന്നുണ്ട്. |
| ബി) മേഖലയിൽ സ്വകാര്യ സംരംഭകരുടെ സഹകരണം ഇതിനായി പ്രയോജനപ്പെടുത്തുമോ; | (ബി) പ്രയോജനപ്പെടുത്തും.<br><br>സർക്കാർ വിഭാവനം ചെയ്യുന്ന ആധുനികവൽക്കരണത്തിൽ സ്വകാര്യ സംരംഭകർക്ക് നിർണ്ണായകമായ പങ്ക് ഉണ്ടാകും. പുതിയ സംരംഭകരെയും അഭ്യസ്തവിദ്യരായ യുവതീയുവാക്കളെയും കയർമേഖലയിലേക്ക് ആകർഷിക്കാനുള്ള പദ്ധതികൾ 2017-18 ബജറ്റിൽ വിഭാവനം ചെയ്തിട്ടുണ്ട്. സ്വകാര്യ വ്യക്തികൾക്ക് 50% സബ്സിഡി നിരക്കിൽ ഡീഫൈബറിംഗ് യന്ത്രങ്ങൾ അനുവദിച്ചു നൽകുവാനും അപ്രകാരം കയർമേഖലയിൽ നമ്മുടെ സംസ്ഥാനത്തിനുണ്ടായിരുന്ന ആധിപത്യം തിരിച്ചു പിടിക്കാനും അതുവഴി സ്വകാര്യ സംരംഭകരുടെ സഹകരണം പ്രയോജനപ്പെടുത്താമെന്നും കരുതുന്നു. |
| സി) കയറിന്റെ ആഭ്യന്തര, വിദേശ വിപണി വിപുലപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ? | സി) കയറിന്റെ ആഭ്യന്തര, വിദേശ വിപണി വിപുലപ്പെടുത്തുന്നതിനായി വിവിധ പ്രദർശനങ്ങളിലും ബയർ-സെല്ലർ മീറ്റുകളിലും പങ്കെടുക്കുക, വിദേശ വിപണിക്കാവശ്യമായ ഉൽപ്പന്നങ്ങൾ വികസിപ്പിച്ചെടുക്കുക തുടങ്ങിയ നടപടികൾ ഫോം മാറ്റിംഗ്സ്(ഇന്ത്യ) ലിമിറ്റഡ്, കയർഫെഡ്, കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ തുടങ്ങിയ സ്ഥാപനങ്ങൾ വഴി സ്വീകരിച്ചുവരുന്നു. ഇപ്രാവശ്യം 2.. സെപ്റ്റംബറിൽ 'കയർ കേരള' സംഘടിപ്പിക്കുവാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. വിവിധ സംസ്ഥാനങ്ങളിൽ പുതിയ ഷോറൂമുകൾ ആരംഭിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ